(ബി) & (സി) ഇവരുടേത് സ്ഥിര നിയമനമായിരുന്നില്ല. 6-10-1995-ലെ എം. എസ്. 218/95/തഭവ. നമ്പർ സർക്കാർ ഉത്തരവിൽ ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമായിരിക്കണമെന്നും തികച്ചും താൽക്കാലികമായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇവരുടെ നിയമനം സാധുവാക്കാൻ സുപ്രീംകോടതി വിധിയിൽ നിർദ്ദേശവുമില്ല. അതിനാൽ, നിയമനം സാധുകരിച്ച് തൊഴിൽ സംരക്ഷിക്കാൻ കഴിയുകയില്ല.

കണ്ണൂർ ജില്ലയിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ. ഡി. ക്ലാർക്ക്/ ബിൽ കളക്ടർ നിയമനം

48 [1734] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ. ഡി. ക്ലാർക്ക്/ ബിൽ കളക്ടർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; അവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ 6 നഗര സഭകളിലായി എൽ. ഡി. ക്ലാർക്ക്/ ബിൽകളക്ടർ തസ്തികയിൽ 10 ഒഴിവുകൾ നിലവിലുണ്ട്. അവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ

49 [1735] *ശ്രീ. ഇസഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) സ്ഥാപിക്കുമെങ്കിൽ എന്നത്തേക്ക് സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ 250-ൽ അധികം സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ബി) വീണ്ടും സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന ഭാരിച്ച വൈദ്യുതി ചാർജ്ജ് ഒടുക്കുവാനുള്ള സാമ്പത്തിക ഭദ്രത നഗരസഭക്കില്ലാത്തതുകൊണ്ട്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly